നം.ICDS-A4 -11325/2020

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി . 07.10.2020
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ആഫീസർമാർക്കും
എല്ലാ പ്രോഗ്രാം ആഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശു വികസന വകുപ്പ് –**സംയോജിത ശിശു വികസന പദ്ധതി–** 45 വർഷങ്ങൾ പൂർത്തിയാക്കുന്നത്- 45ദിവസം നീണ്ടു നില്ക്കുന്ന ക്യാംപെയിൻപരിപാടികൾസംഘടിപ്പിക്കുന്നത് - സംബ-

സൂചന : 1) 30.09.2020 തീയതിയിലെ വീഡിയോ കോൺഫറൻസ്
2) ഈ കാര്യാലയത്തിൽ നിന്നുള്ള ICDS-A4 -11325/2020,30.09.2020 നം.കത്ത്.
3) ഈ കാര്യാലയത്തിൽ നിന്നുള്ള 01.10.2020 ഇതേ നം കത്ത്

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഏറ്റവും ബൃഹത്തും സമാനതകളില്ലാത്തതുമായ സംയോജിത ശിശുവികസന സേവന പദ്ധതി 2020 ഒക്ടോബർ 2 ന് മഹത്തായ 45 വർഷം പൂർത്തിയാക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് മേൽസൂചന (2) ലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പരിമിതമായ രീതിയിൽ സംസ്ഥാനത്തൊട്ടാകെയുള്ള ICDS ഓഫീസുകൾ, അങ്കണവാടികൾ എന്നിവ കേന്ദ്രീകരിച്ച് ആഘോഷപരിപാടികൾ സംഘടിപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു.ടി പരിപാടികളുടെ ഫോട്ടോകൾ,വീഡിയോകള് ജില്ലാതലത്തിൽ ശേഖരിച്ച് ലഭ്യമാക്കുവാൻപ്രത്യേകം whatsapp നമ്പരും E mail വിലാസം നല്കിയിരുന്നെങ്കിലും ആയത് ചുരുക്കം ചില ഓഫീസർമാർ മാത്രമേ പാലിച്ചിട്ടുള്ളൂ എന്നത് ഖേദകരമാണ്.

ജില്ലയിൽ നടക്കുന്ന ആഘോഷപരിപാടികളുടെ തെരഞ്ഞെടുത്ത ഫോട്ടോകൾ/ വീഡിയോകൾഎന്നിവ ഇതോടൊപ്പം ചേർക്കുന്ന ലിസ്റ്റ് പ്രകാരമുള്ള, ആദ്യ ദിനം മുതലുള്ള പരിപാടികളുടെ ഫോട്ടോകൾ/ വീഡിയോകൾ എന്നിവ **9400595507** എന്ന വാട്സ്അപ്പ് നമ്പരിലും wcditcell@gmail.com എന്ന ഇ- മെയിൽ വിലാസത്തിലും ജില്ല, ICDS, കുടി പഞ്ചായത്ത്, Centre No സഹിതം അതാത് ജില്ല കളിലെ PO മാർ അപ് ലോഡ് ചെയ്യേണ്ടതാണ്. സമയ ക്ളിപ്തത കൃത്യമായി പാലിക്കേണ്ടതാണ്.

ഇപ്രകാരം മുൻനിശ്ചയിച്ച നൽകിയ പരിപാടികളോടൊപ്പം ജില്ലയിലെ മുതിർന്ന അങ്കണവാടി പ്രവർത്തകരെ ടെലഫോൺ മുഖാന്തിരം ആശംസകള് അറിയിക്കേണ്ടതും പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

മേൽ സൂചന(1), (2) പ്രകാരം ആഘോഷപരിപാടികളുടെ Plan of Action 05.10.2020, 07.10.20 എന്നീ തീയതികളില് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും 05.10.2020 ലെ Plan of Action നാളിതു വരേയും ലഭ്യമായിട്ടില്ല. ആയതിനാൽ 05.10.2020, 07.10.20 തീയതികളിലെ Plan of Action 07.10.2020 ന് തന്നെ എല്ലാ DWCDO മാരും ലഭ്യമാക്കേണ്ടതാണ് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു

വിശ്വസ്തതയോടെ

7/10/20

വനിത ശിശു വികസന ഡയറക്ടർ

| ക്രമ നം | പ്രോഗ്രാമിന്റെ പേര് | തീയതി | പ്രോഗ്രാം | DWCDO/ PO സമർപ്പിക്കേണ്ട റിപ്പോർട്ട് |
|---|---|---|---|---|
| 1 | വെളിച്ചം | 02.10.2020 | AWC കളിൽ വെളിച്ചം തെളിയിക്കുന്നത് | പ്രോജക്ടിൽ 1 എന്ന കണക്കിൽ Photos |
| 2 | അങ്കണവാടി എന്റെ മലർവാടി | 02.10.2020 to 30.10.2020 | അങ്കണവാടി പ്രദേശത്തെ അമ്മമാർക്ക് അങ്കണവാടി സേവനങ്ങളെ കുറിച്ചും അങ്കണവാടി പ്രവർത്തകരുടെ മികവുറ്റ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള അവരുടെ സാക്ഷ്യം രേഖപ്പെടുത്തലാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഇപ്പോൾ അങ്കണവാടി സേവനം തേടുന്ന കുട്ടികളുടെ അമ്മമാർക്കാണിതനവസരം ലഭിക്കുന്നത് | മികച്ച പങ്കാളിത്തമുള്ളതും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചിട്ടുള്ളതുമായ തെരഞ്ഞെടുത്ത വീഡിയോ- ജില്ലയിൽ 2 വീതം |
| 3 | ഓർമ്മക്കുറിപ്പ് | 02.10.2020 to 30.10.2020 | അങ്കണവാടികളിൽ നിന്നും പഠിച്ചിറങ്ങി സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ളവരെ തിരഞ്ഞ്പിടിച്ച് അവരുടെ ഓർമ്മച്ചെപ്പ് തുറക്കുക ഓർമ്മണക്കുറിപ്പിനുള്ള വ്യക്തിത്വങ്ങളെ DWCDO/PO/CDPO മാർക്ക് നിർദ്ദേ ശിക്കാവുന്നതാണ്. | അങ്കണവാടികളിൽ പഠിച്ചിട്ടുള്ള മികച്ച വ്യക്തിത്വങ്ങളുടെ അനുഭവക്കുറിപ്പുകൾ,അവരുടെ വീഡിയോ ബൈറ്റ് എന്നിവ- ജില്ലയിൽ 2 വീതം |
| 4 | നമ്മുടെ അങ്കണവാടി | 03.10.2020 to 08-10-2020 | അങ്കണവാടികളെക്കുറിച്ച് കേരളത്തിലെ പ്രമുഖ കലാ, സാംസ്കാരിക, കായിക വ്യക്തിത്വങ്ങളുടെ സന്ദേശങ്ങൾ അവരുടെ ഫോട്ടോ സഹിതം വകുപ്പിന്റെ വെബ്സൈറ്റിലും (scroll), സാമൂഹിക മാധ്യമങ്ങളിലും പ്രസിദ്ധീകരിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത് | ജില്ലയിൽ പരമാവധി |
| 5 | പോഷണ മന്ത്രം | 04.10.2020 | സംസ്ഥാനത്തുടനീളം ഒരു ദിവസം THR ഗുണഭോക്താക്കളായ കുട്ടികൾഉള്ള എല്ലാ വീട്ടിലും 3 ൽ താഴെ പ്രായമുള്ള THR ഗുണഭോക്താക്കളായ കുട്ടികൾക്ക് THR ഉപയോഗിച്ച് പ്രഭാത ഭക്ഷണം വീട്ടിൽ പാകം ചെയ്ത് നൽകുന്നതാണ് ഈ പരിപാടി | തെരഞ്ഞെടുത്ത മികച്ച വീഡിയോ ജില്ലാതലത്തിൽ 3 ഫോട്ടോ വീതം |
| 6 | അന്നും ഇന്നും | 05.10.2020 | രണ്ടു കാലഘട്ടങ്ങളിലെ അങ്കണവാടി പ്രവർത്തകരുടെയും കുട്ടികളുടെയും ഓർമകൾ ഫോട്ടോ കൊളാഷിലൂടെ പ്രസിദ്ധീകരിക്കുന്ന പരിപാടിയാണിത്. 1990 ന മുൻപും 2015 ന് ശേഷവുമുള്ള ഫോട്ടോകളാണ് ഇതിലേക്കായി തിരഞ്ഞെടുക്കുന്നത് | ജില്ലാതലത്തിൽ ലഭ്യമാകുന്ന പരമാവധി ഫോട്ടോകൾ |
| 7 | അങ്കണവാടികൾ **മാറ്റങ്ങളിലൂടെ** | 06.10.2020 | അങ്കണവാടികൾക്ക് കാലാകാലങ്ങളിലായി വന്ന ഭൗതികപരമായ മാറ്റങ്ങൾ ജനങ്ങളിലേക്ക് സാമൂഹിക മാധ്യമങ്ങൾ വഴി എത്തിക്കുന്നതിലേക്കായി ഒരു ഫോട്ടോകൊളാഷാണ് ഇത് കൊണ്ടുദ്ദേശിക്കുന്നത് | ജില്ലാതലത്തിൽ ലഭ്യമാകുന്ന പരമാവധി ഫോട്ടോകൾ |
| 8 | ക്രിയാത്മകത | 07.10.2020 | പ്രാദേശികമായി ലഭിക്കുന്നതും ചെലവ് കുറഞ്ഞതുമായ വസ്തുക്കൾ ഉപയോഗിച്ച് പഠനോപകരണങ്ങളും ,കര കൗശല വസ്തുക്കളും അങ്കണവാടി പ്രവർത്തകർ നിർമ്മിക്കുന്നതിൻറെ വീഡിയോ(5 മിനിട്ട് ദൈർഘ്യം) | ജില്ലാ തലത്തിൽ 2 വീഡിയോ |

| | | | | |
|---|---|---|---|---|
| 9 | അങ്കണവാടി സാമൂഹിക മാറ്റത്തിന്റെ വാതായനം | 07.10.2020 | 8-ാം തരം മുതൽ 12-ാം തരം വരെ പഠിക്കുന്ന കുട്ടികൾക്ക് അങ്കണവാടിയക്കുറിച്ച് അവർക്കുള്ള കാഴ്ചപ്പാടുകൾ പങ്കുവയ്ക്കാനുദ്ദേശിച്ച നടത്തുന്ന ഓൺലൈൻ ഉപന്യാസ മത്സരം | ജില്ലാതലത്തിൽ പരിശോധന നടത്തി മികച്ച രചന നടത്തിയ ലേഖികയുടെ/ലേഖകന്റെ ഫോട്ടോയും ഉപന്യാസവും ജില്ലാ തലത്തിൽ 1 വീതം |
| 10 | ഓർമ്മച്ചെപ്പ് തുറക്കുമ്പോൾ | 12.10.2020 | നിലവിൽ സ്ഥിര വർക്കർമാരായി/ഹെൽപ്പറമാരായി അങ്കണവാടികളിൽ പ്രവർത്തിക്കുന്നവർക്ക് അവരുടെ അങ്കണവാടി അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള വേദിയായാണ് | ജില്ലാതലത്തിൽ പരിശോധന നടത്തിയ മികച്ച രചനയും ലേഖികയുടെ ഫോട്ടോയും ജില്ലാ തലത്തിൽ 2 വീതം |
| 11 | കൈയെഴുത്ത് പ്രതി | 13.10.2020 | അങ്കണവാടി പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായിട്ടുള്ള ആൾക്കാരിൽനിന്നും (മുതിർന്നവർ) ആ അങ്കണവാടികളിൽ മുൻപേ ജോലി ചെയ്തിട്ടുള്ള വർക്കർമാർ, പഴയ ജനപ്രതിനിധികൾ തുടങ്ങിയവരിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് 2 പേജിൽ കവിയാത്ത കുറിപ്പ് തയ്യാറാക്കേണ്ടതാണ്. . ടി കുറിപ്പ് തയ്യാറാക്കി അങ്കണവാടികളിൽ സൂക്ഷിക്കേണ്ടതും അതിന്റെ ഒരു പകർപ്പ് ഐസിഡിഎസ് സൂപ്പർവാസർമാർമാർ പഞ്ചായത്ത് തലത്തിൽ Spiral Bind ചെയ്ത് അതാത് ആഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്. മികച്ച കൈയെഴുത്ത് പ്രതിക്ക് അവാർഡ് നൽകുന്നതാണ് . | പഞ്ചായത്ത് തലത്തിൽ spiral bind ചെയ്ത് സൂക്ഷിക്കേണ്ടതുംഅതിൽ ഏറ്റവും മികച്ചത് തെരഞ്ഞെടുത്ത് ജില്ലാ തലത്തിൽ 1 വീതം |
| 12 | ഞങ്ങളിലൂടെ.... | 14.10.2020 | അങ്കണവാടിയെക്കുറിച്ച് ആ അങ്കണവാടിയ്ക്ക് കീഴിലുള്ള കൗമാരക്കാരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 2 മിനിറ്റലധികം ദൈർഘ്യം വരാത്ത രീതിയിലുള്ള വീഡിയോ നിർമ്മിച്ച നൽകാനവസരം | ജില്ലാ തലത്തിൽ പരിശോധിച്ച് വിലയിരുത്തി ആയതിൽ ഏറ്റവും മികച്ച 2 വീഡിയോകള് (1 boy & 1 Girl) |
| 13 | തലമുറകളിലൂടെ | 15.10.2020 | ഓരോ കുടുംബത്തിലുമുള്ള, അങ്കണവാടികളിൽ പഠിച്ച രണ്ടോ മൂന്നോ തലമുറകളിൽപ്പെട്ട ആൾക്കാരുടെ ഒന്നിച്ചുള്ള ഫോട്ടോ ശേഖരിച്ച് ഒരു ഫോട്ടോ കൊളാഷാണ് | ജില്ലാ തലത്തിൽലഭ്യമാകുന്ന പരമാവധി ഫോട്ടോകൾ |
| 14 | കയ്യൊപ്പ് | | വകുപ്പ് മന്ത്രിയും, വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും തെരഞ്ഞെടുത്ത അങ്കണവാടി ഗുണഭോക്താക്കളുമായും അവരുടെ കുടുംബവുമായും നേരിട്ട് സംവദിക്കുന്നതായിരിക്കും | 1. സംവദിക്കേണ്ട ആളുകളുടെ വിവരങ്ങൾ **20.10.2020** നകം ലഭ്യമാക്കണം (ജില്ലയിൽ 1 വീതം)<br>2. നിശ്ചിത ദിവസം സംവദിക്കുന്ന വീഡിയോ ലഭ്യമാക്കണം (ജില്ലയിൽ 1) |

| | | | | |
|---|---|---|---|---|
| 15 | വേറിട്ട വഴികൾ | | ICDS മേഖലയിലെ അങ്കണവാടി പ്രവർത്തകർ കോവിഡിനോട് പൊരുതിക്കൊണ്ട് തന്നെ കാലയളവിൽ വ്യത്യസ്ത രീതിയിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് മികച്ച സേവനങ്ങൾകാഴ്ച വച്ചിട്ടുണ്ട്. ഇപ്രകാരം മാതൃക പ്രവർത്തനങ്ങൾ കാഴ്ച വച്ച അങ്കണവാടി പ്രവർത്തകരുടെ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായി പങ്കിടുന്നതിനുള്ള ഉള്ള സെമിനാർ | 1) സെമിനാറിൽ ഉൾപ്പെടുത്തേണ്ട മികച്ച പ്രവർത്തനം നടത്തിയ പ്രവർത്തകൻറെ പേര്, ഫോൺ നം, പ്രവർത്തനം എന്നിവ **20.10.2020** നകം ലഭ്യമാക്കണം 2) സെമിനാറിൻറെ ഫോട്ടോ,വീഡിയോ എന്നിവ ലഭ്യമാക്കണം (ജില്ലയിൽ 2 വീതം) |
| 16 | ജില്ലാതലത്തിൽ നടപ്പിലാക്കിയ പരിപാടികൾ | | മേൽ പരിപാടികളിൽ നിന്ന് വ്യത്യസ്തമായി ജില്ലകളിൽ നടത്തിയ10 മിനിറ്റിൽ കവിയാത്ത വീഡിയോ | ജില്ലാ തലത്തിൽ പരിശോധിച്ച് വിലയിരുത്തി ആയതിൽ ഏറ്റവും മികച്ച വീഡിയോ |